## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** — **12-06-2024 - ൽ മറുപടിയ്ക്ക്**

## സീവറേജ് പ്രോജക്ട്-കഴക്കൂട്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കഴക്കൂട്ടം-മുട്ടത്തറ സീവറേജ് പ്രോജക്റ്റ് പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകും; പ്രസ്തുത പ്രോജക്ടിന്റെ കമ്മീഷനിംഗ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രോജക്റ്റ് നടപ്പിലാക്കുവാൻ ഉണ്ടാകുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ സീവേജ് മാലിന്യം സംസ്കരിക്കുന്നതിനായി അമൃത് പദ്ധതിയിലുൾപ്പെടുത്തി വിവിധ സ്ഥലങ്ങളിലായി സീവേജ് പമ്പ്ഹൗസുകളുടെ നിർമ്മാണവും, പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഐ, ജെ, കെ, എൽ എന്നിങ്ങനെ 4 ബ്ലോക്കുകളായി തിരിച്ച് പുരോഗമിക്കുകയാണ്.<br><br>കഴക്കൂട്ടം മേഖലയിലെ സീവറേജ് മാലിന്യം മുട്ടത്തറയിലെ സീവറേജ് സംസ്കരണശാല യിലെത്തിക്കുന്നതിനു വേണ്ടിയാണ് ഈ പ്രവൃത്തികൾ. ഐ ബ്ലോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ടെക്നോപാർക്ക് മുതൽ അരശുംമൂട് വരെ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഈ ബ്ലോക്കിലെ പമ്പ്ഹൗസിന്റെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്.<br><br>ജെ ബ്ലോക്കിൽപ്പെട്ട അരശുംമൂട് സ്റ്റില്ലിംഗ് ചേമ്പർ മുതൽ കരിമണൽ പമ്പ്ഹൗസ് വരെ ട്രാൻസ്മിഷൻ മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കരാറെടുത്തിരുന്ന ഉത്തരേന്ത്യൻ കമ്പനിയുടെ അനാസ്ഥ കാരണം കാര്യമായ പുരോഗതിയുണ്ടാകാതെ വരികയും, ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത കമ്പനിയെ ഒഴിവാക്കി ടി കമ്പനിയുടെ തന്നെ നഷ്ടോത്തരവാദിത്തത്തിൽ ബാക്കി പ്രവൃത്തികൾ നടത്തുവാൻ പല തവണ ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിയെ ചെറിയ പാക്കേജുകളായി തിരിച്ച് ദർഘാസുകൾ ക്ഷണിച്ച് കരാറുകൾ നൽകുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. കരിമണൽ പമ്പ്ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | കെ ബ്ലോക്കിലുൾപ്പെടുത്തി കുഴിവിള മുതൽ ആക്കുളം വരെ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>എൽ ബ്ലോക്കിലുൾപ്പെടുന്ന പുലയനാർകോട്ട മുതൽ കുമാരപുരം പൂന്തി റോഡിനു സമീപം ഇടത്തറ പമ്പ് ഹൗസ് വരെ ട്രങ്ക് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. എൽ ബ്ലോക്കിൽപ്പെട്ട മറ്റ പ്രവൃത്തികളും പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. മേൽപ്പറഞ്ഞിട്ടുള്ളവയുടെ തുടർച്ചയായി അമൃത്-2 പദ്ധതിയിലുൾപ്പെടുത്തി 7 പ്രവൃത്തികൾക്ക് 19.02.2023-ൽ ഭരണാനുമതി ലഭിച്ചിരുന്നു. അവയും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. എല്ലാ പ്രവൃത്തികളും പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.<br>സീവറേജ് പ്രവൃത്തികൾ ചെയ്തു വരുന്ന കരാറുകാർ കുറവായതിനാൽ നിരവധി തവണ ദർഘാസുകൾ ക്ഷണിച്ച ശേഷമാണ് കരാറുകാരെ ലഭിക്കുന്നത്. ഇത് പദ്ധതി നടത്തിപ്പിന് കാലതാമസം വരുത്തുന്നു. ഗ്രാവിറ്റി സംവിധാനത്തിൽ സീവേജ് ഒഴുകേണ്ടതിനാൽ, അതിനനുസരിച്ച് ശരാശരി 6 മീറ്ററോളം താഴ്ചയിലാണ് പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതും അതുപോലെ മാൻഹോളുകൾ നിർമ്മിക്കേണ്ടതും. പ്രസ്തുത പ്രവൃത്തികൾ നടത്തുന്ന പ്രദേശത്തെ മണ്ണിന്റെ ഘടന പൊതുവെ ലോലവും ചിലയിടങ്ങളിൽ വെള്ളക്കെട്ടുള്ളതുമായതിനാലും, ഇടുങ്ങിയ റോഡുകളിലൂടെ, ആഴത്തിലുള്ള ഈ പ്രവൃത്തി തൊഴിലാളികളുടെ സുരക്ഷ കൂടി കണക്കിലെടുത്ത് സാവധാനത്തിലുമാണ് നടന്നു വരുന്നത്. കൂടാതെ 2019-2020 വർഷങ്ങളിലെ കോവിഡ് മഹാമാരിയുടെ കടന്നു വരവും അതിനെത്തുടർന്നുണ്ടായ അടച്ചിടലും, ഇടയ്ക്കിടെയുണ്ടാകുന്ന പ്രവചനാതീതമായ കനത്ത മഴയും പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനെതിരെയുള്ള പൊതുജനങ്ങളുടെ എതിർപ്പും, കോടതി വ്യവഹാരങ്ങളും, പദ്ധതിയ്ക്കാവശ്യമായ സ്ഥലം യഥാസമയം ലഭ്യമാകാതെ വരുന്നതും പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) | കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന സീവറേജ് പ്രോജക്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പ്രോജക്ടുകളുടെ കമ്മീഷനിംഗ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | സീവറേജ് പ്രവൃത്തികളുടെ വിശദ വിവരങ്ങളും കമ്മീഷനിങ് സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കഴക്കൂട്ടംമുട്ടത്തറ സീവറേജ് പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി**

| SL No | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | മെഡിക്കൽ കോളേജ് പരിസരത്ത് 5 എം.എൽ.ഡി. ശേഷിയുളള സീവറേജ് സംസ്കരണശാലയുടെ നിർമ്മാണം | പൂർത്തിയായി. |
| 2 | ഇടത്തറയിൽ സീവറേജ് പമ്പ്ഹൗസ് നിർമ്മിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 50% പൂർത്തിയായി. |
| 3 | ഇടത്തറ മുതൽ മുട്ടത്തറ വരെ സീവറേജ് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | ടി. പ്രവൃത്തിയുടെ 69% പൂർത്തിയായി. കാരാളി പ്രദേശത്തെ ജനങ്ങളുടെ എതിർപ്പ് കാരണം പ്രവൃത്തികൾ തടസ്സപ്പെടുകയും, ഷോർട്ട് ക്ലോസ് ചെയ്യുകയും ചെയ്തു. ബാക്കി പ്രവൃത്തികൾ ചെയ്യാൻ പുതിയ കരാർ നൽകിയെങ്കിലും വീണ്ടും പ്രദേശവാസികളുടെ എതിർപ്പുകാരണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. |
| 4(a) | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി പുലയനാർക്കോട്ട മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ10 വരെ സീവറേജ് ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-1). | പൂർത്തിയായി. |
| 4(b) | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി പേട്ട – വെൺപാലവട്ടം റോഡിലൂടെയും, ഗ്രീൻപാർക്ക് റോഡിലൂടെയും ആമയിഴഞ്ചാൻ തോടിനു വശത്തുകൂടി ഇടത്തറ മേഖലയിലെ മാൻഹോൾ7 വരെ സീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്2). | പൂർത്തിയായി. |
| 4(c) | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി ഉദയ ഗാർഡനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ മാൻഹോൾ 89 വരെ സീവറേജ് ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ് –3). | പൂർത്തിയായി. |
| 4(d) | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി പേട്ട അരശുംമൂട് ജങ്ഷൻ മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ7 വരെ സീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്-4) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 91% പൂർത്തിയായി. |
| 4(e) | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി മാൻഹോൾ 110 മുതൽ മാൻഹോൾ 150 വരെ സീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്5) | പൂർത്തിയായി. |
| 4(f) | ഇടത്തറ (എൽ) ബ്ലോക്കിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി മാൻഹോൾ 10 മുതൽ കിംസ് ആശുപത്രി വരെ എച്ച്.ഡി.ഡി. രീതിയിൽ സീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്6) | പ്രവൃത്തികൾ പൂർത്തിയായി. |
| 5 | ഇടത്തറ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ്സെറ്റുകൾ എത്തിച്ചു, 44% പ്രവൃത്തികൾ പൂർത്തിയായി. ഇടത്തറ പമ്പ്ഹൗസിൻറെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തി പൂർത്തീകരിക്കാനാകും. |
| 6 | ആക്കുളത്ത് സീവറേജ് പമ്പിംഗ് സ്റ്റേഷൻറെ നിർമ്മാണം (ബ്ലോക്ക് –കെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 95% പൂർത്തിയായി. |
| 7 | ആക്കുളം പമ്പിംഗ് സ്റ്റേഷൻ മുതൽ പുലയനാർകോട്ട സ്റ്റില്ലിംഗ് ചേമ്പർ വരെ 450 മി.മീ. വ്യാസമുളള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 8 | കുഴിവിള മുതൽ ആക്കുളം വരെ സീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ (ബ്ലോക്ക് – കെ) – ബൈപ്പാസ് ജങ്ഷനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ ആക്കുളം പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പൂർത്തിയായി |
| 9 | ആക്കുളം പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ്സെറ്റുകൾ എത്തിച്ചു, 42% പ്രവൃത്തികൾ പൂർത്തിയായി. ആക്കുളം പമ്പ്ഹൗസിൻറെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തി പൂർത്തീകരിക്കാനാകും. |
| 10 | കരിമണലിൽ സീവറേജ് പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കൽ (ബ്ലോക്ക് –ജെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 90% പൂർത്തിയായി. |
| 11 | കരിമണൽ മുതൽ കുഴിവിള വരെ 350 മി.മീ. വ്യാസമുളള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 12(a) | കരിമണൽ (ബ്ലോക്ക്-ജെ)യിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി അരശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷൻ വരെ ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ | 90% പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. |
| 12(b) | കരിമണൽ (ബ്ലോക്ക്-ജെ)യിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി ബൈപ്പാസ് ജങ്ഷൻ (കുഴിവിള) മുതൽ അരശുംമൂട് മുതൽ കരിമണൽ പമ്പിംഗ് സ്റ്റേഷനിലേയ്ക്കുളള ട്രങ്ക് മെയിനിലെ മാൻഹോൾ3 വരെ സീവറേജ് നെറ്റ്വർക്ക് സ്ഥാപിക്കൽ. | 90% പ്രവൃത്തികൾ പൂർത്തിയായി |

| | | |
|---|---|---|
| 12(c) | കരിമണൽ (ബ്ലോക്ക്-ജെ)യിൽ സീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിൻറെ ഭാഗമായി അരശുംമൂട് മുതലുള്ള റോഡിൻറെ ഇരുവശത്തുമുള്ള സീവറേജ് നെറ്റ് വർക്ക് മാൻഹോളുമായി കൂട്ടിയോജിപ്പിക്കൽ. | പൂർത്തിയായി. |
| 13(a) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ തെറ്റിയാറിൻറെ കരയിലൂടെ സീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിൻറെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷൻ മുതൽ അരശുംമൂട് സ്റ്റില്ലിംഗ് ചേമ്പർ വരെ 350 മി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 13(b) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിൻറെ ഭാഗമായി കുളത്തൂരിൽ പമ്പിംഗ് സ്റ്റേഷൻറെ നിർമ്മാണം | പ്രവൃത്തികൾ പുരോഗമിക്കുന്നു, 95% പൂർത്തിയായി. . |
| 13(c) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിൻറെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് സീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. |
| 13(d) | കഴക്കൂട്ടം ഏരിയ മുതൽ ഐ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിൻറെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ | പമ്പ്സെറ്റുകൾ എത്തിച്ചു, 70% പ്രവൃത്തികൾ പൂർത്തിയായി. പമ്പ്ഹൗസിൻറെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാവും. |
| 14 | കരിമണൽ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | പമ്പ്സെറ്റുകൾ എത്തിച്ചു, 60% പ്രവൃത്തികൾ പൂർത്തിയായി. കരിമണൽ പമ്പ്ഹൗസിൻറെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി. പ്രവൃത്തി പൂർത്തീകരിക്കാനാകും. |
| | <u>അമൃത് 2 പദ്ധതികൾ</u> | |
| 1 | അമൃത് – 1 പദ്ധതിയിൽ എൽ, ജെ, കെ, ഐ ബ്ലോക്കുകളിൽ സ്ഥാപിച്ച സീവറേജ് ലൈനുകളുമായി ബന്ധിപ്പിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ സീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ – ഐത്തടിയിലെ മാൻഹോൾ 150-ൽ നിന്നും ശ്രീകാര്യം ഭാഗത്തേയ്ക്കും, ഉള്ളൂർ ജങ്ഷൻ മുതൽ എസ്.എൻ. ജങ്ഷൻ വരെയും, നിഷ് ജങ്ഷൻ മുതൽ കട്ടേല വരെയും ബ്രാഞ്ച് ലൈനുകൾ സ്ഥാപിക്കൽ | ഈ പദ്ധതിയെ 13 പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. അതിൽ ചില പ്രവൃത്തികൾ പുരോമിക്കുകയും, ചില പ്രവൃത്തികൾ ആരംഭ ഘട്ടത്തിലുമാണ്. |
| 2 | ബ്ലോക്ക് എൻ – ഉള്ളൂർ കൊല്ലവിളയിൽ സീവറേജ് പമ്പിംഗ് സ്റ്റേഷൻറെ നിർമ്മാണം | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | കൊല്ലവിള പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകളും, ട്രാൻസ്ഫോർമറും സ്ഥാപിക്കലും, അനുബന്ധ ഇലക്ട്രിക് പ്രവൃത്തികളും. | ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. |
| 4 | കൊല്ലവിള പമ്പിംഗ് സ്റ്റേഷനൻ മുതൽ ഉദയ ഗാർഡനിലെ സ്റ്റില്ലിംഗ് ചേമ്പർ വരെ 400 മി.മീ. വ്യാസമുള്ള ഡക്ടൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ | പലതവണ ദർഘാസുകൾ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതായിട്ടുണ്ട്. |
| 5 | ബ്ലോക്ക് എൻ – ഉള്ളൂരിൽ ട്രാൻസ്മിഷൻ മെയിനും, സീവറേജ് ശൃംഖലയും സ്ഥാപിക്കൽ | ഈ പദ്ധതിയെ 3 പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. പ്രവൃത്തികൾ ആരംഭ ഘട്ടത്തിലാണ്. |
| 6 | ബ്ലോക്ക് എൻ – ലെ കളക്ഷൻ മെയിൽ പൈപ്പ്ലൈനിലേയ്ക്ക് ബ്രാഞ്ച് സീവർ ലൈനുകൾ സ്ഥാപിക്കൽ | ഈ പദ്ധതിയെ 9 പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. അതിൽ ചില പ്രവൃത്തികൾ പുരോമിക്കുകയും, ചില പ്രവൃത്തികൾ ആരംഭ ഘട്ടത്തിലുമാണ്. |
| 7 | കഴക്കൂട്ടം പ്രദേശം മുതൽ കുളത്തൂർ പമ്പിംഗ് സ്റ്റേഷൻ വരെ സീവറേജ് ലൈൻ സ്ഥാപിക്കൽ | ഈ പദ്ധതിയെ 4 പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. അതിൽ ചില പ്രവൃത്തികൾ പുരോമിക്കുകയും, ചില പ്രവൃത്തികൾ ആരംഭ ഘട്ടത്തിലുമാണ്. |